## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3259** **14.10.2011 ൽ മറുപടിയ്ക്ക്**

**വൈദ്യുത ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന തരത്തിൽ ഉല്പാദനം ഇപ്പോൾ നടക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇടുക്കി, മൂഴിയാർ എന്നീ പ്രോജക്ടുകളിൽ പൂർണ്ണതോതിൽ ഉല്പാദനം നടക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. ഇടുക്കി, മൂഴിയാർ നിലയങ്ങളിലെ ഇപ്പോഴത്തെ യന്ത്രലഭ്യത പ്രകാരം യഥാക്രമം 650 മെഗാവാട്ടും, 225 മെഗാവാട്ടും ഉല്പാദനം നടത്താറുണ്ട്. (ഒരു യൂണിറ്റ് അറ്റകുറ്റ പണികൾക്കായി നിർത്തിവയ്ക്കാറുണ്ട്) |
| (സി) ജലം യഥേഷ്ടം ലഭിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ച് ഉയർന്ന വിലയ്ക്ക് അന്യ സംസ്ഥാനങ്ങൾക്ക് വിൽക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) & | കാലവർഷം നിലയ്ക്കുകയും തുലാവർഷം ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതൽ ഉല്പാദനം സാധ്യമല്ലാത്തതാകുന്നു. അധിക വൈദ്യുതി ഉണ്ടെങ്കിൽ ഉയർന്ന വിലയ്ക്ക് വില്ക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്. |
| (ഡി) ഇപ്രകാരം നേടുന്ന ലാഭം ഉപയോഗപ്പെടുത്തി വൈദ്യുത ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ